(ജി) ഉണ്ടെങ്കിൽ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തനം സുഗമമാക്കുന്നതിലേക്കായി ഡെപ്യൂട്ടി ലൈബ്രേറിയന്മാരുടെ മേൽനോട്ടത്തിൽ പുതുക്കിയ സമയക്രമീകരണം നിശ്ചയിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരത്തെ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തന സമയം രാവിലെ 8.00 മണി മുതൽ രാത്രി 8.00 മണി വരെയും ഞായറാഴ്ച ദിവസങ്ങളിൽ രാവിലെ 8.00 മണി മുതൽ ഉച്ചയ്ക്ക് 2.00 മണി വരെയുമാണ് ക്രമീകരിച്ചിരിക്കുന്നത്.

(ബി) വളരെ വർഷങ്ങളായി ലൈബ്രറിയുടെ പ്രവർത്തന സമയം രാവിലെ 8.00 മുതൽ രാത്രി 8.00 മണിവരെയാണ്. രാവിലെ 8.00 മുതൽ 9.00 മണി വരെയും വൈകുന്നേരം 6.30-നുശേഷവും പൊതുജനങ്ങൾ വളരെ കുറവായിട്ടാണ് എത്തുന്നത് എന്ന വിവരം ശരിയല്ല. രാവിലെ 8.00 മണി മുതൽ 9.30 വരെയും വൈകുന്നേരം 5.30 മുതൽ രാത്രി 8.00 മണിവരെയുമാണ് ധാരാളം വിദ്യാർത്ഥികളും ഉദ്യോഗസ്ഥരും പുസ്തകങ്ങളെടുക്കാൻ ലൈബ്രറിയിൽ എത്തുന്നത്. ആയതിനാൽ ലൈബ്രറിയുടെ പ്രവർത്തന സമയത്തിൽ പുന:ക്രമീകരണം നടത്തേണ്ടതില്ല.

(സി) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തന സമയം രാവിലെ 8.00 മണി മുതൽ ഉച്ചയ്ക്ക് 2.00 മണി വരെയും, ഉച്ചയ്ക്കുശേഷം 2.00 മണി മുതൽ രാത്രി 8.00 മണിവരെയുമായി രണ്ട് ഷിഫ്റ്റായിട്ടാണ് നടത്തുന്നത്.

(ഡി&ഇ) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ മേലധികാരിയായ സ്റ്റേറ്റ് ലൈബ്രേറിയന്റെയും രണ്ട് ഡെപ്യൂട്ടി സ്റ്റേറ്റ് ലൈബ്രേറിയൻമാരുടെയും ഡ്യൂട്ടി സമയം രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെയാണ്. ഇതിൽ ഒരു ഡപ്യൂട്ടി സ്റ്റേറ്റ് ലൈബ്രേറിയൻ ബുക്ക് റൂമിന്റെ ചാർജും, രണ്ടാമത്തെ ഡപ്യൂട്ടി സ്റ്റേറ്റ് ലൈബ്രേറിയൻ സാങ്കേതിക വിഭാഗത്തിന്റെ ചാർജും വഹിക്കുന്നു.

(എഫ്) ഇല്ല. സ്റ്റേറ്റ് ലൈബ്രേറിയന്റെയും ബുക്ക് റൂമിന്റെ ചാർജുള്ള സീനിയർ ഡെപ്യൂട്ടി സ്റ്റേറ്റ് ലൈബ്രേറിയന്റെയും നിയന്ത്രണത്തിൽ ലൈബ്രറിയിലെ രണ്ടു ഷിഫ്റ്റുകളിലെയും മുഴുവൻ സമയ പ്രവർത്തനത്തിൽ ഗസറ്റഡ് റാങ്കിലുള്ള ഓരോ ഗ്രേഡ്-1 ലൈബ്രേറിയൻമാർ ലൈബ്രറിയുടെ മേൽനോട്ടം വഹിക്കുന്നുണ്ട്.

(ജി) ബാധകമല്ല.

സംസ്ഥാന ലൈബ്രറി കൗൺസിൽ ആരംഭിക്കുന്ന ഇ-ലൈബ്രറി

39 (5172) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഇലക്ട്രാണിക് ലൈബ്രറി പദ്ധതി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവിധ ജില്ലകളിൽ ആരംഭിക്കുന്ന ഇ-ലൈബ്രറി കോളേജ്, സ്ക്കൂൾ ലൈബ്രറികളുമായി ബന്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആരംഭിക്കുന്ന ഇ-ലൈബ്രറി ജില്ലയിൽ ഒന്ന് എന്ന ക്രമത്തിൽ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കോളേജ്, സ്കൂൾ ലൈബ്രറികളുമായി ഇ-ലൈബ്രറി ബന്ധപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ ഉത്തരവ്

40 (5173) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി നൽകുന്നതിന് വിദ്യാർത്ഥികളുടെ എണ്ണം മാനദണ്ഡമാക്കേണ്ടതില്ല എന്ന് ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ന്യൂനപക്ഷ കമ്മീഷൻ എന്തൊക്കെ പുതിയ മാർഗ്ഗ നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത് ;

(സി) ന്യൂനപക്ഷ പദവി നേടുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാജേമെന്റ് പ്രതിനിധാനം ചെയ്യുന്ന സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ എത്ര ശതമാനം വേണമെന്ന് നിശ്ചയിക്കാൻ സംസ്ഥാന സർക്കാരിനോട് സുപ്രീം കോടതി ആവശ്യപ്പെട്ടിരുന്നുവോ ;

(ഡി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തു നിലപാടാണ് സ്വീകരിച്ചത് ;

(ഇ) ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷന്റെ പുതിയ നിലപാടിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) ഇങ്ങനെ ഉത്തരവ് പുറപ്പെടുവിച്ചതായി മനസ്സിലാക്കുന്നു. എന്നാൽ ഇത് സംബന്ധിച്ച ഉത്തരവോ കത്തോ സർക്കാരിന് ലഭിച്ചിട്ടില്ല.

(സി&ഡി) ഈ വിഷയത്തിൽ ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവിന്റെ വിശദാംശങ്ങൾ അറിയിക്കാൻ സുപ്രീംകോടതിയിലെ സ്റ്റാന്റിംഗ് കൗൺസിലിനോടാവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly